നമ്പർ 130/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പുനരുത്ഥാനത്തിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം തന്റെ വാഗ്ദാനപ്രകാരം പെന്തിക്കോസ്തിപ്പെരുന്നാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ ഓർമ്മ എല്ലാ വർഷവും നാം ആചരിക്കുക പതിവാണല്ലോ. വി. മാമ്മോദീസായിൽകൂടി നമുക്ക് ലഭ്യമായിരിക്കുന്ന പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുന്നതിനുള്ള അവസരമാണല്ലോ പരിശുദ്ധ പെന്തിക്കോസ്തിപ്പെരുന്നാൾ. വ്യക്തികളായും, കുടുംബമായും സഭയായും നാം പരിശുദ്ധാത്മ പുതുക്കം പ്രാപിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാതിരുമനസ്സുകൊണ്ട് "ഒന്നിച്ചുകൂടാം, കാത്തിരിക്കാം" എന്ന പേരിൽ ആരംഭിച്ച ഉപവാസ ധ്യാനം കാത്തിരിപ്പിന്റെ ദിവസങ്ങളോടനുബന്ധിച്ച് പരുമല സെമിനാരിയിൽവച്ച് ക്രമീകരിച്ചിരുന്നുവല്ലോ. ഈ വർഷത്തെ കാത്തിരിപ്പിനോടനുബന്ധിച്ചുള്ള ഉപവാസ ധ്യാനം ഈ വരുന്ന മെയ്മാസം 8,9,10 തീയതികളിൽ പരുമല സെമിനാരി ധ്യാന മന്ദിരത്തിൽ വച്ച് അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. കഴിവുള്ളിടത്തോളം ആളുകൾ ഈ ഉപവാസ ധ്യാനത്തിൽ പങ്കെടുത്ത് അനുഗൃഹീതരാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഏപ്രിൽ മാസം 22 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.